# MY ME REPORT

**PRATHYUSHA.A**

**NRLM ACCOUNTANT**

**DISTRICT MISSION, PALAKKAD**

## മാർവെലസ് മാറ്റ് യൂണിറ്റ്, അകത്തേത്തറ

മാർവെലസ് മാറ്റ് യൂണിറ്റ് അകത്തേത്തറ ഗ്രാമപഞ്ചായത്തിൽ 12–ാം വാർഡ് കുന്നുകാടിൽ പ്രവർത്തിക്കുന്നു. നൈലോൺ, പോളിസ്റ്റർ തുണികൾ കൊണ്ടുള്ള ചവിട്ടികളാണ് മൂഖ്യമായും നിർമ്മിക്കുന്നത്. വിവിധ വലിപ്പത്തിലുള്ള ചവിട്ടികൾ ഇവർ നിർമ്മിച്ചു വരുന്നു. ആകർഷകമായ നിറങ്ങളിലും വലിപ്പങ്ങളിലുമുള്ള ഇത്തരം ചവിട്ടികൾ ദീർഘകാലം കേടു വരാതെ നിലനിൽക്കുമെന്നതാണ് ഈ ഉൽപ്പന്നത്തിന്റെ പ്രധാന പ്രത്യേകത.

2009 മുതൽ പ്രവർത്തനം ആരംഭിച്ച ഈ ഗ്രൂപ്പിന് 8 വർഷത്തെ പ്രവർത്തി പരിചയം ഉണ്ട്. 5 പേരായി നടത്തുന്ന ഈ യൂണിറ്റിന്റെ പ്രസിഡന്റ് ഗീതയും, സെക്രട്ടറി നിർമ്മലയുമാണ്. പഞ്ചായത്തിൽ നിന്നും ട്രൈനിംഗ് ലഭിച്ച ഈ യൂണിറ്റിന് ഗ്രാമപഞ്ചായത്ത് പ്ളാൻ ഫണ്ടിൽ നിന്നും 2009–10 വർഷത്തിൽ പ്രോജക്റ്റ് തുക 100000/പ്രകാരം ഇന്ത്യ ബാങ്ക്, അകത്തേത്തറയിൽ നിന്നും ലോൺ എടുത്ത ഗ്രൂപ്പിന് 50000/ സബ്സിഡി ലഭിച്ചു.

പോളിസ്റ്റർ തുണിയിലാണ് ഇവർ ചവിട്ടികൾ നിർമ്മിക്കുന്നത് എന്നതാണ് യൂണിറ്റിന്റെ പ്രധാന ആകർഷണം. പൂർണ്ണമായും കൈ കൊണ്ട് മാത്രം നെയ്ത ഈ ചവിട്ടികൾക്ക് യന്ത്ര സാമഗ്രികളുടെ ആവശ്യം അധികം വരുന്നില്ല. 100 രൂപ മാത്രം വില വരുന്ന ഈ ചവിട്ടികൾ ചുരുങ്ങിയത് 6 വർഷമെങ്കിലും നിലനിൽക്കുമെന്ന് അനുഭവസ്ഥർ അവകാശപ്പെടുന്നു.

ചവിട്ടി നിർമ്മിക്കാനാവശ്യമായ മുഖ്യ അസംസ്കൃത വസ്തു പോളിസ്റ്റർ തുണിയാണ്. ഇത് ടൈലർ ഷോപ്പുകളിൽ നിന്നും സുലഭമായി ലഭിക്കുന്നുണ്ടെന്നും, അയൽപക്കങ്ങളിൽ നിന്നും പഴയ സാരികളും മറ്റും ലഭിക്കാറുണ്ടെന്നും യൂണിറ്റ് അംഗങ്ങൾ അറിയിച്ചു. മാറ്റ് ഉപയോഗിച്ചവർ തന്നെ വീണ്ടും ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും വേണ്ടി ധാരാളം വാങ്ങാറുണ്ടെന്നും അംഗങ്ങൾ അറിയിച്ചു. അമേരിക്ക, കാനഡ തുടങ്ങി വിദേശ രാജ്യങ്ങളിലേക്കു പോലും പരിചയക്കാർ വാങ്ങി കൊണ്ടുപോവാറുണ്ടെന്നും അംഗങ്ങൾ സസന്തോഷം അറിയിച്ചു.

**വെല്ലുവിളികൾ –**

1. പരിചയക്കാർ വഴിയല്ലാതെയുള്ള കച്ചവടം കുറവാണ്.
2. സ്വന്തമായി നിർമ്മിക്കുകയും ലാഭം അവരവർ തന്നെ എടുക്കുകയും ചെയ്യുന്നതിനാൽ തുല്യ വേതനമല്ല ലഭിക്കുന്നത്.
3. അവരവരുടെ വീടുകളിലാണ് മാറ്റുകൾ നിർമ്മിക്കുന്നത് എന്നതിനാൽ യൂണിറ്റായി അറിയപ്പെടുന്നില്ല.

**മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ–**

1. സ്ഥാപനത്തിന് നെയിംബോർഡ് സ്ഥാപിച്ച് ഒരു ബിൽഡിംഗിൽ പ്രവർത്തിക്കുകയാണെങ്കിൽ കച്ചവടം വിപുലപ്പെടുത്താൻ കഴിയും.
2. ട്രെനിംഗ് നൽകാൻ താത്പര്യമുള്ള ഇവരെ ഉപയോഗപ്പെടുത്തി മറ്റു കുടുംബശ്രീ യുണിറ്റുകൾക്കും തൊഴിൽ സാധ്യത മെച്ചപ്പെടുത്തുന്നതിന് സാധിക്കും.
3. ഓണച്ചന്ത, വിഷുച്ചന്ത മാത്രം ആശ്രയിക്കാതെ വിപണി സാധ്യത മെച്ചപ്പെടുത്തേണ്ടതുണ്ട്.





# <u>കുളിർമ പോട്ടറി യൂണിറ്റ്, അകത്തേത്തറ</u>

കുളിർമ പോട്ടറി യൂണിറ്റ് അകത്തേത്തറ ഗ്രാമപഞ്ചായത്തിൽ 7–ാം വാർഡ് കോരത്തൊടിയിൽ പ്രവർത്തിക്കുന്നു. കളിമണ്ണു കൊണ്ട് നിർമ്മിക്കുന്ന പാത്രങ്ങളും പ്രധാനമായി മണ്ണടുപ്പുമാണ് പ്രധാന ഉൽപന്നങ്ങൾ. 2009 ൽ ഗ്രൂപ്പ് പ്രവർത്തനം ആരംഭിച്ചു. തണൽ കുടുംബശ്രീയിലെ അംഗങ്ങളായ രാധ, വിജയം, ലക്ഷ്മി.സി, ലക്ഷ്മി.എം, ശോഭന എന്നീ 5 പേരായി നടത്തുന്ന ഈ യൂണിറ്റിന്റെ പ്രസിഡന്റ് രാധയും, സെക്രട്ടറി വിജയവുമാണ്.

ഒരു കുടുംബശ്രീ സംരംഭമായ ഈ യൂണിറ്റിന് 50000 രൂപ സബ്സിഡിയോടു കൂടി ഇന്ത്യൻ ബാങ്ക്, അകത്തേത്തറയിൽ നിന്നും ലോൺ ലഭിച്ചിരുന്നു. ലോൺ പൂർണ്ണമായും അടച്ചു തീർന്നു. പാരമ്പര്യ കൈത്തൊഴിലായി ചെയ്തുവരുന്ന ഈ യൂണിറ്റിൽ കൂടുതലായും അടുപ്പുകളാണ് നിർമ്മിച്ചു വരുന്നത്. കുടുംബശ്രീയിൽ നിന്നും പരിശീലനം ലഭിച്ച ഈ ഗ്രൂപ്പ് വളരെ നല്ലരീതിയിൽ നടന്നു പോകുന്നു.

കളിമണ്ണ്, വയ്ക്കോൽ എന്നിവയാണ് ഇതിനുള്ള അസംസ്കൃത വസ്തുക്കൾ. നിർമ്മാണത്തിനാവശ്യമായ കളിമണ്ണ് കോഴിക്കോടു നിന്നുമാണ് ലഭിക്കുന്നത്. മഴക്കാലത്ത് പ്രവർത്തനം നടക്കാത്തതിനാൽ മറ്റു സമയങ്ങളിൽ മാത്രമാണ് നിർമ്മാണം നടക്കുന്നത്. പ്രാദേശികമായി വിപണനം ചെയ്തുവരുന്നു.

**വെല്ലുവിളികൾ–**

1. വിപണനസാധ്യത കുറവ്
2. മൺപാത്രങ്ങളുടെ വിപണനക്കുറവ്

3. അസംസ്കൃത വസ്തുക്കളിൽ വന്ന ഗണ്യമായ വില വർദ്ധന **മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ–**

1. ജില്ലാമിഷനിൽ നിന്നും റിവോൾവിംഗ് ഫണ്ടിന് പരിഗണിക്കാവുന്നതാണ്.





## അനശ്വര കാന്റീൻ യൂണിറ്റ്, പുതുപ്പരിയാരം

6 പേർ ചേർന്ന് 2007 ൽ ആരംഭിച്ച ഈ യൂണിറ്റിൽ ഇപ്പോൾ 4 പേർ മാത്രമാണ് ഉള്ളത്. കാന്റീനും, കാറ്ററിംഗ് പ്രവർത്തനങ്ങളുമാണ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ. ഗ്രാമ പഞ്ചായത്ത് കെട്ടിട സമുച്ചയത്തിൽ തന്നെയുള്ള ഈ യൂണിറ്റിനെ തന്നെയാണ് വിവിധ ആവശ്യങ്ങൾക്കായി വരുന്ന പൊതുജനങ്ങൾ പൂർണ്ണമായും ആശ്രയിക്കുന്നത്. എണ്ണപ്പലഹാരങ്ങൾ, ചായ, കാപ്പി, സർബത്ത് എന്നിവയും ഉച്ചയ്ക്ക് ഊണും ഇവിടെ നൽകി വരുന്നു. കുമാരി,കനകം,ഓമന,പാർവ്വതി എന്നിവരാണ് നിലവിലെ അംഗങ്ങൾ. പ്രസിഡന്റ് കനകവും സെക്രട്ടറി കുമാരിയുമാണ്.

ഈ കുടുംബശ്രീ സംരംഭത്തിന് 2009 ൽ എസ്.ബി.ഐ, പുതുപ്പരിയാരം ബാങ്ക് വഴി 150000/ രൂപ എടുത്ത ലോണിൽ 50000/ രൂപ ആർ.എം.ഇ സബ്സിഡി ലഭിച്ചു. എടുത്ത ലോൺ പൂർണ്ണമായും അടച്ചു തീർത്തു. ന്യായമായ വരുമാനം ലഭിക്കുന്നതിനാൽ ഇവർക്ക് ലോൺ വീണ്ടും എടുക്കേണ്ട ആവശ്യം വന്നിട്ടില്ല.

ഗ്രാമ പഞ്ചായത്ത് അനുവദിച്ച കെട്ടിടത്തിലാണ് കാന്റീൻ നിലനിൽക്കുന്നത്. ഗ്രാമ പഞ്ചായത്തിന്റേയും,കുടുംബശ്രീയുടേയും തൊട്ടടുത്തു തന്നെയുള്ള സഹകരണ ബാങ്കിന്റേയും സ്ഥിരമായ ഓർഡറുകളും അത്യാവശ്യം പുറത്തു നിന്നുള്ള ഓർഡറുകളും ലഭിക്കുന്നതിനാൽ വളരെ നല്ല സാമ്പത്തിക സ്ഥിതിയുള്ള യൂണിറ്റ് ആണെന്നു തന്നെ പറയാൻ കഴിയും.

കാഷ്ബുക്ക്, മിനുട്ട്സ് ബുക്ക് എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. കാസ്സ് ഓഡിറ്റ് നടത്തുന്നുണ്ട്. ലഭിക്കുന്ന ലാഭം തുല്യമായി പങ്കിട്ടെടുക്കുകയും ചെയ്തു വരുന്നു.

**വെല്ലുവിളികൾ-**

1. പച്ചക്കറികളും മറ്റും അടുത്തുള്ള ചില്ലറ വ്യാപാരികളിൽ നിന്നുമാണ് വാങ്ങുന്നത്.
2. അംഗങ്ങൾ മിക്കതും പ്രായമായവരായതിനാൽ ദൂരെ നിന്നും സാധനങ്ങൾ വാങ്ങുന്നതിനും എത്തിക്കുന്നതിനും ബുദ്ധിമുട്ടുണ്ട്.

ഒരു വാഹനം അനുവദിക്കുകയാണെങ്കിൽ ഒരു പരിധി വരെ പരിഹാരമാകും.

**വിപണനസാധ്യത**

1. പുതിയ ഗ്യാസ് സ്റ്റൗവ്, മിക്സി,ഗ്രൈൻഡർ എന്നിവ വാങ്ങുന്നതിനായി റിവോൾവിംഗ് ഫണ്ട്, സെക്കന്റ് ഡോസ് അസിസ്റ്റൻസ് എന്നിവ അനുവദിക്കാവുന്നതാണ്.






**PRATHYUSHA.A**

**NRLM ACCOUNTANT**

**DISTRICT MISSION, PALAKKAD**